ഉത്തരം

(എ) മീനച്ചിൽ നദീതടപദ്ധതി നടപ്പാക്കുന്നതിന് കേരള സർക്കാർ ഒരു വിദഗ്ധസമിതിയെ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് 16-12-2012-ൽ ലഭ്യമാക്കിയിട്ടുണ്ട്. റിപ്പോർട്ടിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

(ബി) ഇല്ല. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായുള്ള പര്യവേഷണ പ്രവർത്തികൾ മാത്രമേ ഈ കാലയളവിൽ നടത്തിയിരുന്നുള്ളൂ. ഇതിനാവശ്യമായ ഫണ്ട് ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയറുടെ ഇൻവെസ്റ്റിഗേഷൻ ഹെഡിൽ നിന്നുമാണ് ചെലവഴിച്ചത്. പര്യവേഷണ പ്രവർത്തികൾക്കായി 2012-13 വർഷം 14 ലക്ഷം രൂപ ഇൻവെസ്റ്റിഗേഷൻ ഹെഡിൽനിന്നും ചെലവഴിച്ചു. ടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 2012-13 വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

തൃശ്ശൂർ ജില്ല മൈനർ ഇറിഗേഷൻ

199 (888) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല മൈനർ ഇറിഗേഷൻ വടക്കാഞ്ചേരി സെക്ഷൻ ഓഫീസിനു കീഴിൽ വരുന്ന കടങ്ങോട് ഗ്രാമപഞ്ചായത്തിലെ ആദൂർ പുത്തൻതോട് സ്ലൂയിസ് കം ട്രാക്ടർ ക്രോസിങ്ങ് പാലം പ്രവൃത്തിയുടെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കടങ്ങോട് ഗ്രാമപഞ്ചായത്തിലെ ആദൂർ പുത്തൻതോട് സ്ലൂയിസ് കം ട്രാക്ടർ ക്രോസിങ്ങ് പാലം എന്ന പ്രവൃത്തി തലപ്പിള്ളി പാക്കേജ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തു. എന്നാൽ ഒരു ദർഘാസ് മാത്രം ലഭിച്ചതിനാൽ പുനർ ദർഘാസിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly